**പതിനഞ്ചാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 252** **10-06-2024-ൽ മറുപടിയ്ക്ക്**

# സർക്കാർ ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനം

| **ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി** |
|---|---|
| ശ്രീ. ഒ. ആർ. കേളു | ശ്രീ. കെ. മുരളീധരൻ |
| ശ്രീ. ഒ. ആർ. കേളു | (ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി) |
| ശ്രീ. പി. പി. ചിത്തരഞ്ജൻ | |
| ശ്രീ. എം. രാജഗോപാലൻ | |
| ശ്രീ. ലിന്റോ ജോസഫ് | |

**(എ)** സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ആർദ്രം മിഷന്റെ ഭാഗമായി പ്രാഥമികാരോഗ്യ തലം മുതൽ ആരോഗ്യ മേഖലയെ ശാക്തീകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി പരിവർത്തനം ചെയ്യുകയും രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണി വരെ ഒ.പി സൗകര്യവും ഒപ്പം സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷയും നൽകി വരുന്നു. ജീവിത ശൈലി രോഗനിർണ്ണയ പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആഴ്ചയിൽ 6 ദിവസവും NCD Clinics പ്രവർത്തിച്ചു വരുന്നു. ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ എന്നിവ ഉൾപ്പെടെ എല്ലാ സർക്കാർ ആശുപത്രികളും ജനസൗഹൃദ നിലവാരത്തിലേക്ക് ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി 14 ജില്ലാ ആശുപത്രികളിലെ ഒ.പി നവീകരണം, മറ്റ് നിർമ്മാണ പ്രവൃത്തികൾഎന്നിവ പൂർത്തിയായിട്ടുണ്ട്. തെരഞ്ഞെടുത്ത 43 താലൂക്ക് ആശുപത്രികളിൽ 14 എണ്ണത്തിന്റെ പ്രവൃത്തി പൂർത്തിയായി. 17 സ്ഥാപനങ്ങളിൽ പ്രവൃത്തി പുരോഗമിക്കുന്നു. കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയ 886 സ്ഥാപനങ്ങളിൽ 686 എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് 152 സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുകയും ഘട്ടംഘട്ടമായി ഉയർത്താനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

സർക്കാർ മെഡിക്കൽ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി നടത്തിയ പ്രവർത്തനത്തിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

**(ബി)** ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യമേഖലയിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യമേഖലയിൽ 2681പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**(സി)** സർക്കാരിന്റെയും സ്ഥലത്തെ ജനപ്രതിനിധികളുടെയും സജീവമായ ഇടപെടൽ മൂലം മികച്ച പൊതുജനാരോഗ്യകേന്ദ്രമായി മാറുന്നതിന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയെ മികച്ച പൊതുജനാരോഗ്യ കേന്ദ്രമായി മാറ്റുന്നതിന് സർക്കാരിന്റെ നിരവധി പദ്ധതികളും സ്ഥലത്തെ ജനപ്രതിനിധികളുടെ സജീവമായ ഇടപെടലുകൾ മൂലവും സാധിച്ചിട്ടുണ്ട്. ജനറൽ മെഡിസിൻ വിഭാഗത്തിലേയ്ക്കായി വെന്റിലേറ്റർ, അത്യാഹിത വിഭാഗത്തിലേയ്ക്കായി മോട്ടൊറൈസ്ഡ് വീൽ ചെയർ, പി.എം.എസ്.എസ്.വൈ ബ്ലോക്കിന് മുൻപിലേക്കായി ഹൈ മാസ്റ്റ് ലൈറ്റ്, അനസ്തേഷ്യ വിഭാഗത്തിലേയ്ക്കായി അനസ്തേഷ്യ വർക്ക് സ്റ്റേഷൻ, ക്ലീനിംഗ് മെഷീൻ, 2022-23 സാമ്പത്തിക വർഷത്തിൽ TCC യിൽമരുന്നുകൾ സൂക്ഷിക്കുന്നതിന് പ്രവൃത്തി പൂർത്തീകരിച്ചു വരുന്ന സോളാർ കോൾഡ് സ്റ്റോറേജ്, നിപ്പ പരിശോധനയ്ക്ക് പി.ഒ.സി ലാബ് (Point of care lab), ആകാശപാതയിലൂടെ രോഗികളെ കൊണ്ടു പോകുന്നതിന് ഇലക്ട്രിക് ബഗ്ഗി തുടങ്ങിയവ ജനപ്രതിനിധികളുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യ വികസനത്തിനും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി നടപ്പിലാക്കുന്നവയാണ് .

**(ഡി)** ഇക്കാലയളവിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് എന്തെല്ലാം പ്രത്യേക നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മികച്ച ശിശുസൗഹൃദ സേവനങ്ങൾക്ക് ആദ്യമായി സംസ്ഥാനത്തെ ഒരു ആശുപത്രിയ്ക്ക് മുസ്കാൻ സർട്ടിഫിക്കേഷൻ ലഭിച്ചത് കോഴിക്കോട് ഗവ.മെഡിക്കൽ കോളേജിനാണ് . 2021 വർഷത്തിൽ ത്വക്ക് രോഗ വിഭാഗത്തിന് ബെസ്റ്റ് പെർഫോമിംഗ് DSRC (Designated ATI STI Clinic) അവാർഡ് ലഭിച്ചിട്ടുണ്ട്. 2021 ദേശീയ രക്തദാന ദിനത്തോടനുബന്ധിച്ച് KSACS ഉം Kerala Blood Transfusion Council ഉം സംയുക്തമായി സംഘടിപ്പിച്ച "സസ്നേഹം സഹജീവിക്കായി" എന്ന രക്തദാന ചലഞ്ചിൽ മെഡിക്കൽ കോളേജ് വിഭാഗത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി ബ്ലഡ് ബാങ്ക് ഒന്നാമതെത്തുകയും പുരസ്കാരം ലഭിക്കുകയും ചെയ്തു. മാതൃശിശു സംരക്ഷണ കേന്ദ്രത്തിന് ലേബർ റൂമിന്റെയും അനുബന്ധ ചികിത്സയുടെയും നിലവാരം, നിഷ്കർഷിക്കപ്പെട്ട തലത്തിലേക്ക് ഉയർത്തിയതിന് LAQSHYA അക്രഡിറ്റേഷൻ അംഗീകാരവും ആശുപത്രിയിലെ മാതൃ ശിശു ചികിത്സാ നിലവാരം നിഷ്കർഷിക്കപ്പെട്ട തലത്തിലേക്ക് ഉയർത്തിയതിന് MBFHI (Mother Baby Friendly Hospital Intiative) അക്രഡിറ്റേഷൻ അംഗീകാരവും ലഭിച്ചു. 2021-22 വർഷത്തിൽ ABPMJAY-KASP പദ്ധതി വഴി ഏറ്റവും കൂടുതൽ രോഗികൾക്ക് പണരഹിത ചികിത്സാ ആനുകൂല്യം നൽകിയതിന് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിക്ക് ദേശീയ തലത്തിൽ അംഗീകാരം ലഭിച്ചു. അസോസിയേഷൻസ് ഓഫ് സർജൻസ് ഓഫ് ഇന്ത്യയുടെ ബെസ്റ്റ് ഡിപ്പാർട്ട്മെന്റ് അവാർഡ് 2021, 2022 വർഷത്തിൽ സർജറി വിഭാഗത്തിന് ലഭിച്ചു. മെഡിസെപ്പ് ആരംഭിച്ച് 100 ദിവസം പൂർത്തിയായപ്പോൾ കേരളത്തിലെ ടോപ്പ് പെർഫോർമർ അവാർഡ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിക്ക് ലഭിച്ചിട്ടുണ്ട്.

**(ഇ)** പ്രസ്തുത നേട്ടങ്ങൾക്കിടയിലും ഒറ്റപ്പെട്ട ചില അനിഷ്ട സംഭവങ്ങളുടെ ചുവട് പിടിച്ച് ആരോഗ്യ മേഖലയെ തളർത്താനും തകർക്കാനും നടത്തുന്ന ശ്രമങ്ങളെ ഗൗരവമായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

**മറുപടി:** ഒറ്റപ്പെട്ട ചില പരാതികൾ ശ്രദ്ധയിൽപ്പെടുന്ന സമയത്തു തന്നെ അവ സ്ഥാപന തലത്തിൽ പരിഹരിക്കുന്നതിന് ശ്രമങ്ങൾ നടത്തുന്നുണ്ട് . ഗൗരവകരമായ ആരോപണങ്ങൾ ഉയരുമ്പോൾ അക്കാര്യങ്ങളിൽ വിദഗ്ധമായ അന്വേഷണം വകുപ്പ് തലത്തിൽ നടത്തി പരിഹാര മാർഗ്ഗങ്ങൾ നടപ്പിലാക്കി ആരോപണ വിധേയർക്കെതിരെ അച്ചടക്ക നടപടികൾ ഉൾപ്പെടെയുള്ളവ സ്വീകരിക്കുന്നുണ്ട്

**സെക്ഷൻ ഓഫീസർ**